## പതിനഞ്ചാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

## പതിനെട്ടാമത്  റിപ്പോർട്ട്

**(2026 ഫെബ്രുവരി  മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-14) യുടെ മൂന്നാമത് റിപ്പോർട്ടിന്മേലുള്ള (സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2026**

# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023–2026)

## പതിനെട്ടാമത് റിപ്പോർട്ട്

**(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011–14) യുടെ മൂന്നാമത് റിപ്പോർട്ടിന്മേലുള്ള (സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

**ഉള്ളടക്കം**


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| ഭാഗം I ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | |
| ഭാഗം II സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശയും/തുടർശിപാർശകളും | .. | |

## സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീമതി യു. പ്രതിഭ

അംഗങ്ങൾ :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല*

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

*2025 നവംബർ മാസം 29-ാം തീയതി അന്തരിച്ചു.

**ആമുഖം**

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26)യുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-14)യുടെ മൂന്നാമത് റിപ്പോർട്ട് (സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) 2012 ജൂലൈ 09-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും അവ നേരിട്ട് മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനുമായി സമിതി 21.05.2025-ന് തിരുവനന്തപുരം തൈക്കാട് പ്രവർത്തിക്കുന്ന കേരള സംസ്ഥാന ശിശുക്ഷേമ സമിതി സന്ദർശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് സമിതി നൽകിയ തുടർ ശിപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ജനുവരി മാസം 29 -ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**യു. പ്രതിഭ,**
ചെയർപേഴ്സൺ ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2026 ഫെബ്രുവരി.3

# റിപ്പോർട്ട്

സ്ത്രീകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-14), 22.02.2012-ൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പൂജപ്പുരയിലും തൈക്കാടും പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളായ സ്ത്രീകളുടെയും പുരുഷൻമാരുടെയും ആശാഭവനുകൾ, ഗവൺമെന്റ് സ്പെഷ്യൽ ഹോം, ചൈൽഡ് ഡെവലപ്മെന്റ് സെന്റർ, കേരള സംസ്ഥാന ശിശുക്ഷേമ സമിതി എന്നിവ സന്ദർശിക്കുകയും സമൂഹത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമുള്ള വിഭാഗത്തിൽപ്പെട്ട ആളുകളുടെ ക്ഷേമത്തിനായി നിലകൊള്ളുന്ന ടി സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാനും ഫലപ്രദമാക്കുവാനും പ്രയോജനപ്പെടുന്ന ശിപാർശകൾ ഉൾപ്പെടുത്തി സമിതി (2011-14)-യുടെ മൂന്നാമത് റിപ്പോർട്ട് തയ്യാറാക്കി 9.07.2012 തീയതിയായി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിൽ ആകെ 44 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് 23.04.2013 തീയതിയായി ആരോഗ്യ കുടുംബക്ഷേമം, സാമൂഹ്യനീതി എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തിരുന്നു.

റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (2011-2014) യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു.

രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്ന് നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശിപാർശയും ബന്ധപ്പെട്ട വകുപ്പുകളുടെ പേരും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ റിപ്പോർട്ടിലെ, തിരുവനന്തപുരത്ത് തൈക്കാട് പ്രവർത്തിക്കുന്ന കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുമായി ബന്ധപ്പെട്ട ഖണ്ഡിക 55 മുതൽ 64 വരെയുള്ള ശിപാർശകളിന്മേൽ വകുപ്പുകൾ സ്വീകരിച്ച നടപടികൾ നേരിട്ട് വിലയിരുത്തുന്നതിനായി സമിതി 21.05.2025-ന് ടി സ്ഥാപനം സന്ദർശിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു.സമിതിയുടെ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലുള്ള തുടർ ശിപാർശകളും, ഖണ്ഡിക 19,31,47 എന്നീ ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള അധിക ശിപാർശകളും രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

13 വർഷത്തിലധികമായിട്ടും ഖണ്ഡിക 43-ലെ ശിപാർശയിന്മേൽ സാമൂഹ്യനീതി, വനിത ശിശു വികസനം എന്നീ വകുപ്പുകൾ നടപടി റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

## ഭാഗം – I

## ശിപാർശകളിൽ സർക്കാർ സ്വീകരിച്ച നടപടികൾ

## (സമിതി അംഗീകരിച്ചവ)

| ക്രമ നം. | ഖണ്ഡിക നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| | | **സ്ത്രീകളുടെ ആശാഭവൻ, പൂജപ്പുര, തിരുവനന്തപുരം** | |
| 1 | 11 | ആശാഭവനിൽ നിത്യോപയോഗത്തിനായുള്ള വെള്ളത്തിന് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. ഇവിടെ താഴെത്തനിലയിൽ മാത്രമേ വെള്ളം ലഭിക്കുന്നുള്ളു. ഇരുമ്പ് കുഴലുകൾ ഉപയോഗിച്ചുള്ള വളരെ പഴയ വാട്ടർ കണക്ഷൻ ആയതിനാൽ അറ്റകുറ്റപ്പണി ചെലവേറിയതാണെന്ന് വാട്ടർ അതോറിറ്റി സ്ഥാപനത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പരിഹാരമായി അടിയന്തരമായി ഒരു കുഴൽകിണർ കുഴിച്ചാൽ ജലസമൃദ്ധിയുള്ള സ്ഥലമായതിനാൽ അന്തേവാസികൾക്ക് ആവശ്യത്തിന് ജലം ലഭ്യമാക്കാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന് വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (എ) വകുപ്പ്**<br><br>**27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>ആശാഭവനിൽ വാട്ടർ അതോറിറ്റിയുടെ വെള്ളമാണ് ഉപയോഗിക്കുന്നത്. തറയിൽ 1000, 2000 ലിറ്ററിന്റെ ഓരോ ടാങ്കുകൾ നിർമ്മിച്ചിട്ടുണ്ട്. കെട്ടിടത്തിന് മുകളിൽ 4 ടാങ്കുകൾ വച്ചിട്ടുണ്ട്. താഴത്തെ ടാങ്കിൽ വെള്ളം നിറയുമ്പോൾ മോട്ടോർ ഉപയോഗിച്ച് മുകളിലത്തെ ടാങ്കുകളിൽ വെള്ളം നിറയ്ക്കും. വാട്ടർ അതോറിറ്റി മുഖേന മതിയായ വെള്ളം ലഭിക്കുന്ന സാഹചര്യത്തിൽ കുഴൽ കിണർ നിർമ്മിച്ചിട്ടില്ല.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 2. | 12 | വെള്ളത്തിന്റെ ദൗർലഭ്യം കാരണം അന്തേവാസികളിൽ പലരും കെട്ടിടത്തിന്റെ സമീപത്തുള്ള കുളക്കരയിൽ, തുറസ്സായ സ്ഥലത്ത് | **സാമൂഹ്യനീതി (എ) വകുപ്പ്**<br><br>**27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.** |

| | | | |
|---|---|---|---|
| | | നിന്നാണ് കുളിക്കുന്നത്. കുളത്തിന് സമീപം രണ്ട് കുളിമുറികളും കക്കൂസും പണിതാൽ വളരെ സൗകര്യപ്രദമായിരിക്കും. ആയതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കുളത്തിന് സമീപം കുളിമുറിയും കക്കൂസും പണിതിട്ടുണ്ട്.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 3. | 13 | അന്തേവാസികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മുന്നോടിയായി സ്ഥാപനത്തിന്റെ മൂന്നാമത്തെ നിലയിൽ പണിത ഡോർമിറ്ററിയിൽ വെള്ളത്തിന്റെ ദൗർലഭ്യം അനുഭവപ്പെടുന്നു. കൂടാതെ, മേൽക്കൂരയിൽ പി.വി.സി സീലിംഗ് ഇടേണ്ടതാണ്. ഗ്ലാസ് ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന ഈ ഡോർമിറ്ററിയുടെ ഭിത്തികൾ മാനസിക രോഗികളായ അന്തേവാസികളെ പാർപ്പിക്കുന്നതിന് സുരക്ഷിതമല്ലാത്തതിനാൽ, ഗ്ലാസ് ഭിത്തികളോട് ചേർത്ത് ഗ്രിൽ പണിയേണ്ടതായിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>വെള്ളത്തിന്റെ ദൗർലഭ്യം പരിഹരിച്ചിട്ടുണ്ട്. മേൽക്കൂരയിൽ പി.വി.സി. സീലിംഗ്, ഗ്ലാസ് ഭിത്തികളോട് ചേർന്ന് ഗ്രില്ലിംഗ് സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 4. | 14 | അന്തേവാസികൾ പലപ്പോഴും രക്ഷപ്പെട്ട് പുറത്തു പോകുന്നതിനുള്ള പ്രവണത കാണിക്കുന്നതിനാൽ ടി കെട്ടിടത്തിലെ ഗ്ലാസ്കൊണ്ട് നിർമ്മിച്ച ജനാലകൾ മാറ്റി, ഗ്രില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്**.<br>ഗ്ലാസ്സ് ജനലുകൾ മാറ്റിയിട്ടില്ല. എന്നാൽ ഗ്ലാസ്സ് ജനലുകളുടെ ഒരു വശത്ത് ഗ്രിൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 5 | 15 | മാനസിക രോഗികളും അന്യസംസ്ഥാനക്കാരുമായ അന്തേവാസികൾക്ക് ഓടിപ്പോകുവാനുള്ള പ്രവണത | **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.** |

| | | | |
|---|---|---|---|
| | | കൂടുതലായതിനാൽ അവർക്ക് കെട്ടിടത്തിനുള്ളിൽ കഴിയേണ്ടി വരുന്നു. കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മിച്ചാൽ അന്തേവാസികൾക്ക് ദിവസം രണ്ടുമണിക്കൂറെങ്കിലും തുറസ്സായ സ്ഥലത്ത് സമയം ചെലവഴിക്കാനും മാനസിക പിരിമുറുക്കം കുറയ്ക്കുവാനും സാധിക്കും. ആയതിനാൽ, പ്രസ്തുത കെട്ടിടത്തിന് ചുറ്റുമതിൽ കെട്ടുന്നതിനുവേണ്ട നടപടികൾ സമയബന്ധിതമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 6. | 16 | ആശാഭവൻ പരിസരത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ തന്നെ മഹിളാമന്ദിരം, വൃദ്ധസദനം (സ്ത്രീകൾ), വികലാംഗ വനിതാ സദനം എന്നീ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നു. 250-ഓളം സ്ത്രീകളായ വൃദ്ധരും, വികലാംഗരും, മാനസികരോഗികളും, കുട്ടികളും അന്തേവാസികളായ ടി സ്ഥാപനത്തിൽ ജീവനക്കാരായി വനിതകൾ മാത്രമാണുള്ളത്. അന്തേവാസികൾക്ക് ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ, പ്രത്യേകിച്ച് രാത്രികാലങ്ങളിൽ, ആശുപത്രിയിൽ കൊണ്ടുപോകാൻ വാഹന സൗകര്യത്തിനായി വളരെ വിഷമതകൾ നേരിടുന്നു. ആയതിനാൽ ഇക്കാര്യത്തിനുവേണ്ടി എല്ലാ സ്ഥാപനങ്ങൾക്കും കൂടി ഒരു വാഹനം അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി സർക്കാരിനോട് ശിപാർശ ചെയ്യുന്നു. | **<u>സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>ആശാഭവൻ (സ്ത്രീകൾ) സ്ഥാപനത്തിൽ എസ്.ബി.ഐ. സ്പോൺസർ ചെയ്ത ഒരു ആംബുലൻസ് ഉണ്ട്. ആശാഭവനിലെയും മറ്റ് സ്ഥാപനങ്ങളുടെ ആവശ്യത്തിനും പ്രസ്തുത ആംബുലൻസ് ഉപയോഗിച്ച് വരുന്നു.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 7 | 17 | അന്തേവാസികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് കാലോചിതമായി സ്റ്റാഫ് പാറ്റേൺ ക്രമീകരിക്കുന്നതിനുള്ള നടപടികൾ | **<u>സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>സ്ത്രീകളുടെ ആശാഭവനിൽ നിലവിൽ 92 |

| | | | |
|---|---|---|---|
| | | സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | പേർ താമസിക്കുന്നുണ്ട്.<br><br>സൂപ്രണ്ട്- 1, മേട്രൺ- 1, സോഷ്യൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ്- 1, ആയ- 2, വാച്ച് വുമൺ- 1, ഓഫീസ് അറ്റൻഡന്റ്- 1, വാച്ച്മാൻ- 1, നേഴ്സ്- 1, കുക്ക്- 1, പാർട്ട് ടൈം മെഡിക്കൽ ഓഫീസർ- 1 എന്നിങ്ങനെയാണ് നിലവിലെ സ്റ്റാഫ് പാറ്റേൺ. കൂടാതെ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി MTCP- 4, JPHN- 1, ആയ, കുക്ക്, വാച്ച് വുമൺ എന്നിവരുടെ അഭാവത്തിൽ 4 ദിവസവേതന ജീവനക്കാർ, 1 ഡ്രൈവർ എന്നിവർ സേവനമനുഷ്ഠിക്കുന്നു.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 8 | 18 | അന്തേവാസികൾക്ക് മരുന്നിനും വസ്ത്രങ്ങൾക്കും, സ്ഥാപനത്തിന്റെ മെയിന്റനൻസിനും ഇപ്പോൾ അനുവദിച്ചുകൊണ്ടിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, പ്രസ്തുത തുക താമസംവിനാ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>താമസക്കാർക്ക് മരുന്ന്, വസ്ത്രം, സ്ഥാപന മെയിന്റനൻസ് എന്നീ ഇനങ്ങളിൽ അനുവദിക്കുന്ന തുക ഉയർത്തിയിട്ടുണ്ട്. ഒരാൾക്ക് മെയിന്റൻസ് ചാർജ്ജ് ആയി ഒരു മാസം 2000/- രൂപയും മെഡിസിന് 1000/- രൂപയും വസ്ത്രത്തിന് ഒരു വർഷം 2000/- രൂപയും ആണ് നിലവിൽ അനുവദിച്ച് വരുന്നത്. പൊതുജനങ്ങളിൽ നിന്നും സംഭാവനയായി ഫണ്ട് ലഭിക്കുന്നുണ്ട്. ഒരു ദിവസം ഒരു നേരം ആഹാരം നൽകുന്നതിനുള്ള ഫണ്ട് ആണ് ലഭിക്കുന്നത്. ഒരു മാസം ശരാശരി 10 പേരിൽ നിന്നും 85,000/- രൂപ ലഭിക്കാറുണ്ട്.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ** |

| | | | |
|---|---|---|---|
| | | | **അംഗീകരിച്ചു).** |
| 9 | 19 | അന്തേവാസികളുടെ പുനരധിവാസത്തിന് ഉതകുന്നവിധത്തിൽ സോപ്പ്, പേപ്പർ ക്യാരിബാഗുകൾ, പൂക്കൾ എന്നിവയുടെ നിർമ്മാണത്തിനുള്ള പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് സ്ഥാപനത്തിൽ വച്ചുതന്നെ വർക്കുകൾ ഏറ്റെടുത്ത് ചെയ്യുവാൻ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും അന്തേവാസികൾ തൊഴിൽ ചെയ്ത് നേടുന്ന തുക അവരുടെ പേരിൽ ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>ടെയിലറിംഗ് ഷോപ്പിൽ നിന്നുള്ള വെട്ടു തുണികൾ ഉപയോഗിച്ച് ചവിട്ടി നിർമ്മിക്കാറുണ്ട്. അവ സ്പോൺസർമാർ വരുമ്പോൾ വിൽക്കുകയും അതുവഴി ലഭിക്കുന്ന തുക താമസക്കാർക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കൊടുക്കുകയും ചെയ്യുന്നു.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 10. | 20 | അന്തേവാസികളുടെ എണ്ണത്തിനനുസരിച്ച് ആശാഭവനിൽ കട്ടിലുകൾ ലഭ്യമല്ല. കൂടാതെ കുറെ കട്ടിലുകൾ തുരുമ്പെടുത്ത് നശിച്ചുപോയിരിക്കുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ, ടി സ്ഥാപനത്തിലേക്കാവശ്യമായ കട്ടിലുകൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>സ്ഥാപനത്തിൽ 100 വീതം കട്ടിൽ, കിടക്ക, തലയിണ എന്നിവ വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുകയും ആയത് ഉപയോഗിച്ച് കിടക്ക, തലയിണ വാങ്ങിയിട്ടുണ്ട്. എല്ലാ താമസക്കാർക്കും കിടക്കുന്നതിന് കട്ടിൽ ഉണ്ട്. കൂടാതെ 4 കട്ടിലുകളും 2 അലമാരയും സ്പോൺസർ മുഖേന ലഭ്യമായിട്ടുണ്ട്.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 11. | 21 | അന്തേവാസികൾക്കുവേണ്ടിയുള്ള ഭക്ഷണം വിറകടുപ്പിൽ പാചകം ചെയ്യുന്നതിന് പ്രധാനകെട്ടിടത്തിന് വെളിയിൽ ഒരു ഷെഡ് ആവശ്യമുണ്ട്. | **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.** |

| | | | |
|---|---|---|---|
| | | സാമാന്യം വലിയ ഒരു ഷെഡ് പണിയുകയാണെങ്കിൽ മഴക്കാലത്ത് ആഹാരം പാചകം ചെയ്യുവാനും വിറക് നനയാതെ സൂക്ഷിക്കുവാനും അന്തേവാസികളുടെ വസ്ത്രങ്ങൾ അലക്കി ഉണക്കുവാനും സാധിക്കുമെന്നതിനാൽ ആയതിനുവേണ്ട സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വിറക് സൂക്ഷിക്കുന്നതിനും വിറക് കത്തിക്കുന്നതിനും പ്രത്യേക സൗകര്യങ്ങൾ ഉണ്ട്. മഴക്കാലത്ത് വസ്ത്രങ്ങൾ വിരിക്കുന്നതിന് മുകളിലത്തെ നിലയിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. പാചകപ്പുരയിൽ ഷീറ്റ് പതിപ്പിച്ച് വർക്ക്ഷെഡ് പുതുക്കി പണിയുന്നതിനുള്ള പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 12. | 22 | അന്യസംസ്ഥാനക്കാരായ അന്തേവാസികൾക്ക് ആശയവിനിമയം നടത്തുന്നതിന് പലപ്പോഴും ഭാഷ തടസ്സമാകുന്ന സാഹചര്യമാണ് നിലവിലുള്ളത് എന്ന് സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. മേൽവിലാസം തേടിപ്പിടിച്ച് അവരെ ബന്ധുമിത്രാദികളെ ഏൽപ്പിക്കുന്നതിനും സ്വന്തം സംസ്ഥാനത്തിലെ സമാന സർക്കാർ സ്ഥാപനങ്ങളിലേക്കയക്കുന്നതിനും അല്ലെങ്കിൽ പുനരധിവസിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രത്യാശാ പദ്ധതിയിൽ ഉൾപ്പെടുത്തി, കൃത്യമായ വിവരങ്ങൾ ലഭ്യമായ ആശാഭവൻ (വുമൺ) 2 താമസക്കാരെ മഹാരാഷ്ട്രയിലുള്ള അവരുടെ കുടുംബങ്ങളിൽ എത്തിച്ചു. ആശാഭവൻ (മെൻ) 6 താമസക്കാരെ തമിഴ്നാട്ടിലുള്ള അവരുടെ കുടുംബങ്ങളിൽ എത്തിച്ചു. ഗാന്ധിഭവൻ, മാർവെൽ ദയ്റ എന്നീ NGO കൾ മുഖേനയാണ് ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചത്.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു)** |
| 13. | 23 | അന്തേവാസികളിൽ പലരും മാനസിക തകരാറുകൾ സംഭവിച്ചവരും മാനസിക സംഘർഷങ്ങൾ നേരിടുന്നവരുമാണെന്ന് നിരീക്ഷണത്തിൽ സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ, ആവശ്യമുള്ളപക്ഷം | **<u>സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>പേരൂർക്കട മാനസിക രോഗാശുപത്രിയിൽ നിന്നുള്ള സൈക്യാട്രി ഡോക്ടർ |

| | | | |
|---|---|---|---|
| | | അന്തേവാസികൾക്ക് പ്രൊഫഷണൽ കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | രണ്ടാഴ്ചയിലൊരിക്കൽ സ്ഥാപനം സന്ദർശിച്ച് താമസക്കാർക്ക് ആവശ്യമായ മാനസിക ആരോഗ്യ ചികിത്സ ഇടപെടൽ നൽകുന്നുണ്ട്. **(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 14. | 24 | സാമൂഹ്യക്ഷേമ കോംപ്ലക്സിലെ അന്തേവാസികളുടെ മാനസികോല്ലാസത്തിന് ആവശ്യമായ കലാകായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു ഹാൾ ലഭ്യമല്ല. ആശാഭവന്റെ മുകളിലത്തെ നില വികസിപ്പിച്ച് ഒരു ഹാളിനുള്ള സ്ഥലം കണ്ടെത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.** ആശാഭവന്റെ മുകളിലത്തെ ഹാളിൽ കലാ കായിക പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉപയോഗിച്ചു വരുന്നു. **(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| | | **പുരുഷന്മാരുടെ ആശാഭവൻ, പൂജപ്പുര, തിരുവനന്തപുരം** | |
| 15. | 28 | ഒരു അന്തേവാസിക്ക് പ്രതിമാസം 750 രൂപ ഭക്ഷണത്തിനും 300 രൂപ മരുന്നിനും, 1000 രൂപ വസ്ത്രത്തിനുമായി വർഷത്തിൽ ഒരു തവണ സർക്കാർ അനുവദിക്കുന്നുണ്ട്. ഈ തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത തുക കാര്യമായി ഉയർത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.** താമസക്കാർക്ക് മരുന്ന്, വസ്ത്രം, സ്ഥാപന മെയിന്റനൻസ് എന്നീ ഇനങ്ങളിൽ അനുവദിക്കുന്ന തുക ഉയർത്തിയിട്ടുണ്ട്. ഒരാൾക്ക് മെയിന്റനൻസ് ചാർജ്ജ് ആയി ഒരു മാസം 2000/- രൂപയും മെഡിസിന് 1000/- രൂപയും വസ്ത്രത്തിന് ഒരു വർഷം 2000/- രൂപയും ആണ് നിലവിൽ അനുവദിച്ച് വരുന്നത്. **(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 16. | 29 | അന്തേവാസികളുടെ മാനസികോല്ലാസത്തിനായി ടെലിവഷൻ, റേഡിയോ, ക്യാരംസ്, ചെസ് എന്നിവ വിനോദോപാധികളായി ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ, കായിക വിനോദത്തിനായി ഷട്ടിൽ | **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.** താമസക്കാർക്ക് കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിന് ഷട്ടിൽ |

| | | | |
|---|---|---|---|
| | | ബാഡ്മിന്റൺ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | ബാഡ്മിന്റൺ, ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.<br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 17. | 30 | അന്തേവാസികളുടെ എണ്ണം പലപ്പോഴും അനുവദനീയമായ സംഖ്യയിൽ കൂടുതലാകാറുണ്ടെന്ന് ഉദ്യോഗസ്ഥരിൽ നിന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കൂടുതൽ പേർക്ക് പ്രവേശനം നൽകാൻ സ്ഥലപരിമിതിമൂലം സാധിക്കാതെ വരുന്നു. ഇപ്പോഴുള്ള കെട്ടിടത്തിനു മുകളിൽ ഒരു നില കൂടി പണിയുകയാണെങ്കിൽ, അന്തേവാസികൾക്ക് കൂടുതൽ സൗകര്യമായിരിക്കും. ആയതിനാൽ, കൂടുതൽ അന്തേവാസികളെ പാർപ്പിക്കുന്നതിനായി ഇപ്പോഴുള്ള കെട്ടിടത്തിനു മുകളിൽ ഒരു നില കൂടി പണിയുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്**.<br>സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മൂന്നാമത്തെ നില കൂടി പണിതിട്ടുണ്ട്.<br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 18 | 31 | ഇപ്പോൾ ഗ്രേഡ് II സ്ഥാപനമായ പുരുഷന്മാരുടെ ആശാഭവനിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി ഒന്നാം ഗ്രേഡ് സ്ഥാപനമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസലുകൾ ലഭിച്ചതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>2024-2025 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിൽ ഇന്റർലോക്ക്, ഫ്ലോർ വർക്ക്, വാൾടൈൽ, പെയിന്റിംഗ് വർക്ക്, പ്ലംബിംഗ് വർക്ക് തുടങ്ങിയവക്കായി 12,80,000/- രൂപയുടെ എസ്റ്റിമേറ്റ് ആദ്യ വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിച്ചിട്ടുണ്ട്. ഭരണാനുമതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പി.ഡബ്ല്യു.ഡി - ക്ക് ഫണ്ട് |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതാണ്. <br> 2024-25 സാമ്പത്തിക വർഷത്തിൽ ചിമ്മിനിയും മറ്റ് അനുബന്ധ നവീകരണ പ്രവർത്തനങ്ങൾക്കുമായി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാവുകയും ആയതിന്മേൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ഡയറക്ടർ സ്വീകരിച്ചുവരികയും ചെയ്യുന്നു. നിലവിൽ ആശാഭവൻ (മെൻ) സ്ഥാപനത്തിൽ മുകളിൽ ഒരു നില കൂടി പണിതിട്ടുണ്ടെങ്കിലും താമസക്കാർക്ക് ചലന സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന തരത്തിൽ മതിയായ സ്ഥല സൗകര്യം ഇല്ല. ആയതിനാൽ കൂടുതൽ താമസക്കാരെ പ്രവേശിപ്പിക്കുന്നതിനോ ഗ്രേഡ് I സ്ഥാപനമായോ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. <br><br> **(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 19. | 36 | **<u>ഗവൺമെന്റ് സ്പെഷ്യൽ ഹോം, പൂജപ്പുര, തിരുവനന്തപുരം</u>** <br> പത്തുവയസിൽ താഴെ പ്രായമുള്ളവർ, പതിനൊന്നിനും പതിനഞ്ചിനും ഇടയ്ക്ക് പ്രായമുള്ളവർ, പതിനാറിനും പതിനെട്ടിനും ഇടയ്ക്ക് പ്രായമുള്ളവർ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി തിരിച്ച് അന്തേവാസികളായ കുട്ടികളെ പാർപ്പിക്കണമെന്നും അവരുടെ ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾ നിലവിലുള്ള ബാലനീതി ചട്ടം അനുശാസിക്കുംവിധം നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ടി സ്ഥാപനത്തിൽ അടുക്കള, ഡൈനിംഗ് ഹാൾ എന്നിവ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>വനിതാ ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>** <br> തിരുവനന്തപുരം ചിൽഡ്രൻസ് ഹോമിൽ നിലവിൽ പ്രായമനുസരിച്ച് വെവ്വേറെ മുറികളിലാണ് കുട്ടികളെ താമസിപ്പിക്കുന്നത്. മിഷൻ വാത്സല്യ ഗൈഡ് ലൈൻ പ്രകാരം ഒരു കുട്ടിയ്ക്ക് മാസം 3000/- രൂപ നിരക്കിൽ മെയിന്റനൻസ് ഇനത്തിൽ നൽകി വരുന്നു. കൂടാതെ 50 കുട്ടികളുള്ള ഒരു ഹോമിൽ ബെഡിംഗ് ഇനത്തിൽ വർഷം 50,000/- രൂപയും അഡ്മിനിസ്ട്രേറ്റീവ് ഇനത്തിൽ 10,000/- രൂപയും നൽകി വരുന്നു. ഇതിനുപുറമെ ആഘോഷ പരിപാടികൾ, ജന്മദിനാഘോഷം തുടങ്ങിയവ നടത്തുന്നതിനും പ്രത്യേകം |

| | | | |
|---|---|---|---|
| | | | തുക അനുവദിച്ചുവരുന്നു. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ട്യൂഷൻ ടീച്ചർമാരുടെ സേവനവും, പഠനം അവലോകനം ചെയ്യുന്നതിനായി എഡ്യൂക്കേറ്ററുടെ സേവനവും നൽകി വരുന്നു. കുട്ടികളുടെ കലാ/കായിക അഭിരുചികൾ വികസിപ്പിക്കുന്നതിന് വിവിധ പരിശീലകരുടെ സേവനവും സ്ഥാപനത്തിൽ നൽകുന്നുണ്ട്. സ്ഥാപനത്തിൽ കുട്ടികൾക്ക് കളിക്കുന്നതിനായി ടർഫ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കുട്ടികളുടെ മാനസികാരോഗ്യ പരിപാലനത്തിനായി കൗൺസിലറുടെ സേവനവും വിവിധ സൈക്കോളജിസ്റ്റുമാരുടെ സേവനവും നൽകുന്നുണ്ട്. ചിൽഡ്രൻസ് ഹോമിൽ അടുക്കള, ഡൈനിംഗ് ഹാൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.<br>സ്പെഷ്യൽ ഹോമിൽ വളരെ കുറച്ച് കുട്ടികൾ മാത്രമെ ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ഉത്തരവ് പ്രകാരം വരാറുള്ളൂ. അവരെ പ്രായത്തിനനുസരിച്ച് തന്നെയാണ് താമസിപ്പിക്കുന്നത്.<br>**(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 20. | 37 | ചിൽഡ്രൻസ് ഹോം, ഗവൺമെൻറ് സ്പെഷ്യൽ ഹോം എന്നീ സ്ഥാപനങ്ങളിൽ പാർട്ട്ടൈം സ്വീപ്പർ ഇല്ല. അന്തേവാസികളായ കുട്ടികൾ സ്കൂളിൽ പോകുന്നതിന് മുൻപായി അവരുടെ സ്ഥലം സ്വയം വൃത്തിയാക്കുകയാണ് ചെയ്യുന്നത് എന്ന വസ്തുത സമിതിക്ക് സന്ദർശന വേളയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ, പ്രസ്തുത സ്ഥാപനങ്ങളിലേക്ക് ഒരു പാർട്ട്-ടൈം സ്വീപ്പർ തസ്തിക അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശിപാർശ | **<u>വനിതാ ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>ഗവൺമെൻറ് സ്പെഷ്യൽ ഹോം, ചിൽഡ്രൻസ് ഹോം എന്നിവിടങ്ങളിൽ കുട്ടികളുടെ മുറിയും പരിസരവും വൃത്തിയാക്കുന്നതിന് കുടുംബശ്രീ വഴിയുള്ള കാഷ്വൽ സ്വീപ്പറുടെ സേവനവും, കൂടാതെ രണ്ട് മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്.<br>**(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |

| | | | |
|---|---|---|---|
| | | ചെയ്യുന്നു. | |
| 21. | 38 | അന്തേവാസികളായ കുട്ടികളുടെ അലക്കിയ വസ്ത്രങ്ങൾ മഴക്കാലത്ത് ഉണക്കിയെടുക്കുവാൻ സൗകര്യമില്ല. ആയതിനാൽ, ഇതിന് മാത്രമായി ഒരു പ്രത്യേക ഷെഡ് നിർമ്മിച്ചു നൽകുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>കുട്ടികളുടെ അലക്കിയ വസ്ത്രങ്ങൾ മഴക്കാലത്ത് ഉണക്കിയെടുക്കുവാൻ പ്രത്യേകം ഷെഡ് സൗകര്യം സജ്ജമാക്കിയിട്ടുണ്ട്.<br>**(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 22. | 39 | അന്യസംസ്ഥാനങ്ങളിൽ നിന്നും പലതരം അസുഖങ്ങളുമായി വരുന്ന അന്തേവാസികളെ മാറ്റി പാർപ്പിക്കുന്നതിന് പ്രത്യേക സൗകര്യം ആവശ്യമാണെന്ന് സമിതിക്ക് ബോധ്യമായി. ആയതിനാൽ, മറ്റുള്ളവരിലേക്ക് പകരുന്ന വിധത്തിലുള്ള അസുഖം ബാധിക്കുന്ന അന്തേവാസികളെ പ്രത്യേകം താമസിപ്പിക്കുന്നതിനുള്ള സൗകര്യം ടി സ്ഥാപനത്തിൽ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>സ്ഥാപനത്തിൽ അസുഖമുള്ള കുട്ടികളെ താമസപ്പിക്കുന്നതിനായി പ്രത്യേകം സിക്ക് മുറി സൗകര്യം സജ്ജമാക്കിയിട്ടുണ്ട്.<br>**(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 23. | 40 | സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് അകന്ന് കഴിയുന്ന ഇത്തരം കുട്ടികളിൽ മൂല്യബോധവും സേവന തത്പരതയും വളർത്തുന്നതിന് ബോധവൽക്കരണം അത്യന്താപേക്ഷിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, അന്തേവാസികളായ കുട്ടികളിൽ സദാചാര ബോധവും, ധാർമ്മിക മൂല്യങ്ങളും വളർത്തുന്നതിന് മാസത്തിൽ നാലുതവണയെങ്കിലും ബോധവൽക്കരണ ക്ലാസ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>കുട്ടികളിൽ ധാർമ്മിക മൂല്യം വളർത്തുന്നതിനും വ്യക്തി വികാസത്തിനുമായി മഹത് വ്യക്തികളുടെ ക്ലാസ്സും, ബോധവൽക്കരണ പരിപാടികളും കൂടാതെ ആഫ്റ്റർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി മോട്ടിവേഷണൽ ക്ലാസ്സുകളും കൗൺസിലറുടെയും സൈക്കോളജിസ്റ്റുമാരുടെയും സഹായത്തോടെ ഗ്രൂപ്പ് തെറാപ്പികളും സംഘടിപ്പിക്കുന്നുണ്ട്.<br>**(22.05.2024-ലെ സമിതി യോഗത്തിൽ** |

| | | | |
|---|---|---|---|
| | | | **അംഗീകരിച്ചു).** |
| 24. | 41 | അന്തേവാസികളായ കുട്ടികളിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനുള്ള വാസന വളരെ കൂടുതലാണ്. അവ ഒഴിവാക്കുന്നതിന് അവർക്ക് കൗൺസിലിംഗ് നൽകേണ്ടത് ആവശ്യമായതിനാൽ പ്രസ്തുത സ്ഥാപനത്തിൽ അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.** സ്ഥാപനത്തിൽ ഒരു മുഴുവൻ സമയ കൗൺസിലറെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കുട്ടികളുടെ മാനസികാരോഗ്യത്തിനായി സൈക്കോളജിസ്റ്റുമാരുടെ പാനലും തയ്യാറാക്കിയിട്ടുണ്ട്. **(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 25. | 42 | കുറ്റം ചെയ്ത കുട്ടികളെ കേസ് തീർപ്പാക്കുന്നതുവരെ പ്രത്യേകം താമസിപ്പിച്ച് നിരീക്ഷിക്കുന്നതിന് ഒരു സ്പെഷ്യൽ ഒബ്സർവേഷൻ ഹോം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ താമസിപ്പിച്ചിട്ടുള്ള കുട്ടികൾക്ക് രക്ഷപ്പെട്ടു പോകുവാനുള്ള പ്രവണത കൂടുതലായതിനാൽ വാച്ച്മാന്റെ സേവനം വളരെ അത്യാവശ്യമാണ്. നിലവിൽ വാച്ച്മാന്റെ തസ്തിക ഇല്ലാത്തതിനാൽ പ്രസ്തുത തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.** മിഷൻ വാത്സല്യ ഗൈഡ് ലൈൻ പ്രകാരം ചൈൽഡ് കെയർ സ്ഥാപനങ്ങളിൽ ഒരു ഹെൽപ്പർ കം നൈറ്റ് വാച്ച്മാന്റെ സേവനം ലഭ്യമാക്കണമെന്ന് നിഷ്കർഷിക്കുന്നു. ആയത് പ്രകാരം തിരുവനന്തപുരം ഒബ്സർവേഷൻ ഹോമിൽ നൈറ്റ് വാച്ച്മാന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. **(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 26. | 44 | **പൊതു ശിപാർശകൾ** വളരെയേറെ സാമൂഹ്യ പ്രതിബദ്ധതയുള്ള സാമൂഹ്യക്ഷേമ വകുപ്പിന്റെ ഭരണസംവിധാനം കുറ്റമറ്റതും സുതാര്യവും കാര്യക്ഷമവുമാക്കേണ്ടത് ഏറ്റവും അത്യാവശ്യമായ കാര്യമായി സമിതി കാണുന്നു. വകുപ്പിന്റെ സെക്രട്ടറി, ഡയറക്ടർ എന്നീ ഓഫീസർമാരെ നിരന്തരം മാറ്റുകയോ, അല്ലെങ്കിൽ അഡീഷണൽ ചാർജ്ജ് നൽകുകയോ ചെയ്യുന്നതുമൂലം പ്രസ്തുത വകുപ്പിൽ ഒരു കാര്യവും | **സാമൂഹ്യനീതി (എ) വകുപ്പ് 30.12.2013-ലെ 11546/എ 1/2012-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.** നിലവിൽ സാമൂഹ്യനീതി വകുപ്പിൽ സെക്രട്ടറി, ഡയറക്ടർ തസ്തികകളിൽ സ്ഥിരനിയമനം ആണ് നടത്തിയിട്ടുള്ളത്. **(04.06.2014-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** **സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-** |

| | | | |
|---|---|---|---|
| | | സമയബന്ധിതമായും കാര്യക്ഷമമായും ചെയ്തുതീർക്കുവാൻ സാധിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ജനങ്ങൾക്കുവേണ്ടിയുള്ള ധാരാളം സ്കീമുകൾ നടപ്പിലാക്കുകയും അനവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റിൽ ഒരാൾ ചാർജ്ജെടുത്ത് കുറേ നല്ല കാര്യങ്ങൾ ചെയ്തുവരുമ്പോൾ അദ്ദേഹത്തിനെ മാറ്റേണ്ടി വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. അടുത്തയാൾ വീണ്ടും ചാർജ്ജെടുത്ത് കാര്യങ്ങൾ ആദ്യം മുതൽ പഠിച്ചുവരുമ്പോഴായിരിക്കും വീണ്ടും മാറ്റമുണ്ടാകുന്നത്. ആയതിനാൽ, വകുപ്പിന്റെ സെക്രട്ടറി, ഡയറക്ടർ എന്നീ രണ്ടു തസ്തികകളിലും അഡീഷണൽ ചാർജ്ജ് നൽകുന്ന പ്രവണത അവസാനിപ്പിച്ച് ടി തസ്തികകളിൽ സ്ഥിരനിയമനം ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>നിലവിൽ വകുപ്പിൽ സെക്രട്ടറി, ഡയറക്ടർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നില്ല.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).**<br><br>**പൊതുഭരണ (എ.ഐ.എസ്) വകുപ്പ് 26.10.2024-ലെ എ.ഐ.എസ് എ 1/197/2024-പൊഭവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>സാമൂഹ്യക്ഷേമ വകുപ്പിനെ ഭരണപരമായ സൗകര്യത്തിനായി വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിത ശിശുവികസന വകുപ്പും രൂപീകരിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിലും വനിത ശിശുവികസന വകുപ്പിലും വെവ്വേറെ ഡയറക്ടമാരെയും വകുപ്പ് സെക്രട്ടറിമാരെയുമാണ് നിയമിച്ച് വരുന്നത്. സാമൂഹ്യനീതി വകുപ്പിലും വനിത ശിശുവികസന വകുപ്പിലും സ്വതന്ത്ര ചുമതലയിൽ ഐ.എ.എസ് ഉദ്യോഗസ്ഥരെ ഡയറക്ടർമാരായി നിയമിച്ച് വരുന്നുണ്ട്. ഇരു വകുപ്പുകളും വളരെയെറെ സാമൂഹിക പ്രാധാന്യമുള്ള വകുപ്പുകളായതിനാൽ, മറ്റ് ചുമതലകൾ വഹിക്കുന്ന ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് പ്രസ്തുത വകുപ്പുകളുടെ ചുമതല അധിക ചുമതലയായി സാധാരണയായി നൽകാറില്ല. നിലവിൽ രണ്ട് വകുപ്പുകളിലും ഡയറക്ടർമാർ സ്വതന്ത്ര ചുമതലയാണ് വഹിക്കുന്നത്.<br><br>സർക്കാരിൽ സാമൂഹ്യനീതി വകുപ്പിന്റെയും വനിത ശിശുവികസന വകുപ്പിന്റെയും ചുമതല രണ്ട് വ്യത്യസ്ത സെക്രട്ടറിമാർ പൂർണ്ണ അധിക ചുമതലയാണ് വഹിക്കുന്നത്. കേരള |

| | | | |
|---|---|---|---|
| | | | കേഡറിൽ പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി ഗ്രേഡിലുള്ള ഐ.എ.എസ് ഉദ്യോഗസ്ഥരുടെ കുറവ് കാരണം മിക്കവാറും എല്ലാ സെക്രട്ടറിമാരും ഒന്നിലധികം വകുപ്പുകളുടെ അധിക ചുമതല വഹിച്ച് വരുന്നുണ്ട്. സെക്രട്ടറിമാർ ഒന്നിലധികം വകുപ്പുകളുടെ ചുമതല വഹിക്കുന്നുണ്ടെങ്കിലും എല്ലാ വകുപ്പുകളുടെയും പൂർണ്ണ അധിക ചുമതലയാണ് വഹിക്കുന്നത്.<br><br>ഡയറക്ടർമാർക്കും സെക്രട്ടറിമാർക്കും ഒരു വകുപ്പിൽ ഒരു കുറഞ്ഞ സേവനകാലയളവ് (minimum tenure) ലഭിക്കുന്നതിന് സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. Indian Administrative Service (Cadre) Amendment Rules, 2014 പ്രകാരം ഒരു തസ്തികയിൽ കുറഞ്ഞ സേവനകാലയളവ് ലഭിക്കാത്ത ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സിവിൽ സർവ്വീസ് ബോർഡ് പരിശോധിച്ച്, പ്രാപ്തനായ അധികാരിക്ക് നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമെ നടത്തുവാൻ കഴിയുകയുള്ളൂ. പ്രസ്തുത നിബന്ധനകൾ പാലിച്ചാണ് ഐ.എ.എസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നടത്തുന്നത്.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 27. | 45 | ചിൽഡ്രൻസ് ഹോം കെയർടേക്കർമാരുടെ ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്തുക, കെയർടേക്കർമാരുടെ എണ്ണം 10 അന്തേവാസികൾക്ക് ഒന്ന് എന്ന അനുപാതത്തിൽ നിയമിച്ച് നടപ്പിലാക്കുക, ജയിൽ വകുപ്പിൽ അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ | **<u>സാമൂഹ്യനീതി (എ) വകുപ്പ് 30.12.2013-ലെ 11546/എ 1/2012-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>30.06.2008-ലെ സ.ഉ.(സാധാ) നം. 263/08/എസ്.ഡബ്ല്യൂ.ഡി ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ |

| | | | |
|---|---|---|---|
| | | ചിൽഡ്രൻസ് ഹോം കെയർടേക്കർമാർക്ക് പുനഃസ്ഥാപിച്ച നൽകുക, മറ്റ വകുപ്പുകളിൽ പൊതുഅവധി ദിവസങ്ങൾ ക്രമീകരിച്ച നൽകുന്നതുപോലെ കെയർടേക്കർമാർക്കും നൽകുക, ചിൽഡ്രൻസ് ഹോമിൽ നിന്നും കുട്ടികൾ ഒളിച്ചോടി പോകുമ്പോൾ ജീവനക്കാർക്കെതിരെ സ്വീകരിക്കുന്ന ശിക്ഷണ നടപടികൾ നിർത്തലാക്കുക. തുടങ്ങിയ സാമൂഹ്യക്ഷേമ (എ) വകുപ്പിന്റെ 30.06.2008-ലെ G.O(Rt)No.263/08/SWD ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ, പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | വരുത്താൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**(04.06.2014-ലെ സമിതിയോഗത്തിൽ അംഗീകരിച്ചു).**<br><br>**<u>വനിത ശിശുവികസന (എ) വകുപ്പ്</u>**<br><br>**<u>28.05.2024-ലെ വശിവിവ-എ 3/55/2024 വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br><br>വകുപ്പിലെ കെയർടേക്കർ (മെയിൽ/ ഫീമെയിൽ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ഡ്യൂട്ടി സമയം രാവിലെ 8.30 മുതൽ 4.30 വരെയും വൈകുന്നേരം 4.30 മുതൽ രാവിലെ 8.30 വരെയും എന്നിങ്ങനെ രണ്ട് ഡ്യൂട്ടിയായി ക്രമീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. (സ.ഉ. (സാധാ)നം.136/2021/വശിവിവ തീയതി 03.12.2021) (അനക്സർ-1). കെയർടേക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സൗകര്യാർത്ഥവും സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനും അനുയോജ്യമായ തരത്തിലാണ് നിലവിൽ കെയർടേക്കർമാരുടെ ഡ്യൂട്ടി ക്രമീകരിച്ചിട്ടുള്ളത്. രാവിലെ 8.30-ന് ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ ജോലി സമയം നിലവിൽ 8 മണിക്കൂറായി ക്രമീകരിച്ചിട്ടുണ്ട്. രാത്രി സമയത്ത് ഇത്തരത്തിൽ ഡ്യൂട്ടി ക്രമീകരിക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ട്. വകുപ്പിൽ കെയർടേക്കർമാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജെ.ജെ. ആക്ട് സെക്ഷൻ 26 (7) പ്രകാരവും കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മിഷൻ വാത്സല്യ മാർഗ്ഗ നിർദ്ദേശ പ്രകാരവും 25 കുട്ടികൾക്ക് ഒരു കെയർ ടേക്കർ എന്നാണ് സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ വകുപ്പിന്റെ കീഴിലുള്ള വിവിധ കാര്യാലയങ്ങളിൽ മേൽ സൂചിപ്പിച്ച അനുപാതത്തിന് പുറമെ അധികമായി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br><br>ഡ്യൂട്ടിയ്ക്കിടയിൽ ഉണ്ടാകുന്ന/ഉണ്ടാകാൻ സാദ്ധ്യതയുള്ള അപകടങ്ങൾക്കുള്ള നഷ്ടപരിഹാരമായി അനുവദിക്കുന്ന ഒന്നാണ് റിസ്ക് അലവൻസ്. റിസ്ക് അലവൻസ് അനുവദിച്ചിട്ടുള്ള തസ്തികകൾ പരിശോധിച്ചാൽ ഡ്യൂട്ടിക്കിടെ എപ്പോഴും അപകട സാദ്ധ്യതയുള്ള വിഭാഗങ്ങൾ ഉൾപ്പെടുന്ന പോലീസ്, ഫയർഫോഴ്സ്, ഫോറസ്റ്റ്, പോർട്ട്സ്, മ്യൂസിയം & സൂ, തുടങ്ങിയ വകുപ്പുകളിലും ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും/ആരോഗ്യ പ്രവർത്തകർക്കും ആണ് റിസ്ക് അലവൻസ് പ്രധാനമായും അനുവദിച്ചിരിക്കുന്നത്. ജോലിയുടെ ഭാഗമായി തുടർച്ചയായി അപകട സാദ്ധ്യതയുള്ള തസ്തികകൾക്കാണ് ഇതനുവദിച്ചിട്ടുള്ളത്. വനിത ശിശു വികസന വകുപ്പിലെ കെയർ ടേക്കർമാരെ ടി വിഭാഗത്തിൽ ഉൾപ്പെടുത്താനാകില്ല. കെയർ ടേക്കർമാർ പരിചരിക്കുന്നവരിൽ ഒരു ചെറിയ വിഭാഗത്തിൽ നിന്ന് ഉണ്ടാകാനിടയുള്ള മർദ്ദനം പരിഗണിച്ച് റിസ്ക് അലവൻസ് അനുവദിക്കാനാകില്ല. കെയർടേക്കർ തസ്തികയുടെ ജോലിയുടെ സ്വഭാവം, സമയം എന്നീ ഘടകങ്ങൾ പരിഗണിച്ച് അനുവദിക്കേണ്ട ഒന്നല്ല |

| | | | |
|---|---|---|---|
| | | | റിസ്ക് അലവൻസ്. 27900-63700 ശമ്പളസ്കെയിലിലുള്ള കെയർടേക്കർ തസ്തികയ്ക്ക് 11-ാം ശമ്പള പരിഷ്കരണ ഉത്തരവിൽ പ്രതിമാസം 330/- രൂപ സ്പെഷ്യൽ അലവൻസ് അനുവദിച്ചിട്ടുണ്ട്.<br><br>വനിത ശിശുവികസന വകുപ്പിനെ സർക്കാരിന്റെ അവശ്യസർവ്വീസ് വിഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ, സർക്കാർ പ്രഖ്യാപിക്കുന്ന അവധി ദിനങ്ങളും പൊതു അവധി ദിനങ്ങളും ക്ഷേമസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അനുവദിക്കുന്നത്, താമസക്കാരായ കുട്ടികളുടെ സുരക്ഷിതത്വത്തെ ദോഷകരമായി ബാധിക്കും. ആയതിനാൽ ടി ജീവനക്കാർക്ക് പൊതു അവധി ദിനങ്ങളിൽ ജോലി ചെയ്യുന്നതിന് പകരമായി പരമാവധി 20 കോമ്പൻസേഷൻ ഓഫ് അനുവദിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. (സ.ഉ. (സാധാ) നം.136/2021/വശിവവ തീയതി 03.12.2021) കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ചകൾ ഉണ്ടാകുമ്പോൾ മാത്രമാണ് ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത്.<br><br>**(29.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 28. | 46 | നിലവിലുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കാനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ഉത്തരവാദപ്പെട്ട വകുപ്പിലെ മറ്റ് ഓഫീസർമാരായ സീനിയർ സൂപ്രണ്ട്, 6 അസിസ്റ്റന്റ് ഡയറക്ടർമാർ, ജോയിന്റ് | **സാമൂഹ്യനീതി (എ) വകുപ്പ് 30.12.2013-ലെ 11546/എ 1/2012-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>വകുപ്പിലെ സീനിയർ സൂപ്രണ്ടുമാർ, 5 അസിസ്റ്റന്റ് ഡയറക്ടർമാർ, ജോയിന്റ് |

| | | | |
|---|---|---|---|
| | | ഡയറക്ടർ എന്നിവർക്ക് പ്രത്യേകമായി ടെലഫോൺ, കമ്പ്യൂട്ടർ, നെറ്റ് കണക്ഷൻ, വാഹനം എന്നിവ നൽകിയിട്ടില്ല. ഇത് കീഴ് സ്ഥാപനങ്ങളുമായുള്ള ആശയ വിനിമയത്തെ പ്രതികൂലമായി ബാധിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മേൽപ്പറഞ്ഞ സൗകര്യങ്ങൾ അടിയന്തരമായി ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഡയറക്ടർ എന്നിവർക്ക് പ്രത്യേകമായി ടെലിഫോൺ, കമ്പ്യൂട്ടർ, നെറ്റ് കണക്ഷൻ എന്നീ സൗകര്യങ്ങളും, വാഹന സൗകര്യം പൊതുവായിട്ടും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>**(04.06.2014-ലെ സമിതിയോഗത്തിൽ അംഗീകരിച്ചു).**<br><br>**<u>സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ടെലഫോൺ, കമ്പ്യൂട്ടർ, നെറ്റ് സൗകര്യങ്ങൾ നൽകിയിട്ടുണ്ട്. പ്രത്യേകം വാഹന സൗകര്യം അനുവദിച്ചിട്ടില്ല എങ്കിലും ജില്ലാ ഓഫീസുകളിലും ഡയറക്ടറേറ്റിലും ലഭ്യമായ വാഹന സൗകര്യമാണ് നിലവിൽ ഉപയോഗിച്ച് വരുന്നത്<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).**<br><br>**<u>വനിത ശിശുവികസന (സി) വകുപ്പ് 28.05.2024-ലെ WCD-C3/125/2024-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>വനിത ശിശുവികസന വകുപ്പിലെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്ക് ഉത്തരവാദപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരായ സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർ എന്നിവരെ കൂടാതെ മുഴുവൻ ജില്ലാതല ഓഫീസർമാർക്കും ജില്ലാ വനിത ശിശുവികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ, വനിത സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ, 258 ശിശു വികസന പദ്ധതി ഓഫീസർമാർ എന്നീ ഉദ്യോഗസ്ഥർക്കും |

| | | | |
|---|---|---|---|
| | | | BSNL CUG സിം അനുവദിച്ചിട്ടുള്ളതും, ആയതു ഒരു വർഷത്തേക്ക് റീചാർജ്ജ് ചെയ്തു നൽകിയിട്ടുള്ളതുമാണ്.<br><br>വനിത ശിശുവികസന വകുപ്പിലെ അഡീഷണൽ ഡയറക്ടർക്ക് ഔദ്യോഗിക വാഹനം അനുവദിച്ചിട്ടുണ്ട്. വകുപ്പിലെ ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർമാർ, സീനിയർ സൂപ്രണ്ടുമാർ എന്നിവരുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് നിലവിൽ പൊതുവായി ഓഫീസിൽ ഒരു വാഹനം മാത്രമാണുള്ളത്.<br><br>വനിത ശിശുവികസന ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ടുമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർ എന്നിവർക്ക് പ്രത്യേകം കമ്പ്യൂട്ടറും നെറ്റ് കണക്ഷനും നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ വനിത ശിശുവികസന ഓഫീസുകളിലെയും പ്രോഗ്രാം ഓഫീസുകളിലെയും സീനിയർ സൂപ്രണ്ടുമാർക്ക് കൂടി ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ ടി കാര്യാലയങ്ങൾക്ക് ആവശ്യാനുസരണം കമ്പ്യൂട്ടർ അനുവദിച്ച് നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ അപര്യാപ്തമായ ഓഫീസുകൾക്ക് ആയവ അനുവദിക്കുന്നതിനായി നിലവിൽ വിവര ശേഖരണം നടത്തി വരുന്നു. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി ഓഫീസുകൾക്ക് കമ്പ്യൂട്ടർ അനുവദിക്കുന്നതും ആയതിന്റെ അഭാവം പരിഹരിക്കുവാൻ കഴിയുന്നതുമാണ്.<br><br>**(29.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 29. | 47 | സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷേമപദ്ധതികളുടെ നടപ്പാക്കൽ അവലോകനം ചെയ്യുന്നതിനായി കുറ്റമറ്റ | **സാമൂഹ്യനീതി (സി) വകുപ്പ് 25.10.2018-ലെ 10438/സി2/2012/സാനിവ നമ്പർ** |

| | | | |
|---|---|---|---|
| | | സംവിധാനം ഏർപ്പെടുത്തണമെന്നും അതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **കത്ത് മുഖേന ലഭിച്ചത്.** സാമൂഹ്യനീതി വകുപ്പിലെ സ്ഥാപനങ്ങളെയും പദ്ധതികളുടെ നടപ്പാക്കലിനെയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിന്റെ പ്രാരംഭം എന്ന നിലയ്ക്ക് വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാരായ ആളുകൾ താമസിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ സെന്റർ ഫോർ മാനേജ്മെന്റ് & ഡെവലപ്മെന്റ് (CMD) എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 21,41,700/- രൂപ ചെലവ് വരുന്ന ഒരു പ്രൊപ്പോസൽ CMD തയ്യാറാക്കി സമർപ്പിക്കുകയും 1/06/2019-ലെ സ.ഉ.(സാധാ)നം. 323/2019/സാ.നീ.വ പ്രകാരം അതിന് അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. ഓഗസ്റ്റ് 2019- ഓടുകൂടി സോഷ്യൽ ഓഡിറ്റ് നടപടികൾ ആരംഭിച്ച് 22 ആഴ്ചകൾകൊണ്ട് ടി പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.<br><br>കൂടാതെ 2017-18 കാലഘട്ടത്തിൽ ICDS പദ്ധതി സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ICDS മേഖലയിലെ വിദഗ്ധർ ചേർന്ന് തയ്യാറാക്കിയ ചോദ്യാവലിയും മാനുവലും ഉപയോഗിച്ച് പരിശീലനം ലഭിച്ച 8 പേരടങ്ങുന്ന വാർഡ് തലത്തിൽ രൂപീകരിച്ച ടീം ആദ്യഘട്ടത്തിൽ 100-ൽപ്പരം പഞ്ചായത്തുകളിലെ 2666 അങ്കണവാടികളിൽ സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് നടത്തുകയുണ്ടായി. ഇതിലൂടെയുള്ള വിവര ശേഖരണത്തിൽ പദ്ധതി നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കി രണ്ടാം ഘട്ടത്തിൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ മറ്റ് പഞ്ചായത്തുകളിലും നഗര പ്രദേശങ്ങളിലും സോഷ്യൽ ഓഡിറ്റ് സംഘടിപ്പിച്ചു.<br><br>ICDS പദ്ധതിയിൽ സമഗ്രമായി നടപ്പിലാക്കിയ സോഷ്യൽ ആഡിറ്റിലൂടെ ലഭിച്ച വിവരങ്ങൾ കേരളത്തിലെ ICDS പദ്ധതിയുടെ ഭാഗമായി നൽകുന്ന സേവനങ്ങളെ കുറിച്ചുള്ള വിശകലനം നടത്തുന്നതിനായി ഏറെ സഹായകരമായിട്ടുണ്ട്.<br><br>**(10.12.2019-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).**<br><br>**<u>സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br><br>സാമൂഹ്യനീതി വകുപ്പിന് കീഴിൽ വരുന്ന ക്ഷേമ സ്ഥാപനങ്ങൾ വഴി നൽകുന്ന സേവനങ്ങൾ അവലോകനം ചെയ്യുന്നതിന്റെ ഭാഗമായി സി.എം.ഡി മുഖേന ക്ഷേമ സ്ഥാപനങ്ങളുടെ സോഷ്യൽ ഓഡിറ്റ് നടത്തിവരുന്നു. ആയതിന്റെ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ വകുപ്പ് തലത്തിൽ സ്വീകരിക്കുന്നതാണ്. സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ജില്ല സാമൂഹ്യനീതി ഓഫീസർമാർ, ജില്ല പ്രൊബേഷൻ ഓഫീസർമാർ, സ്ഥാപന സൂപ്രണ്ടുമാർ എന്നിവർ മുഖേനയാണ് നടപ്പിലാക്കുന്നത്. മേൽ സൂചിപ്പിച്ച ഓഫീസർമാരെ ഉൾപ്പെടുത്തി റിവ്യൂ മീറ്റിങ്ങുകൾ മാസംതോറും നടത്താറുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഇത്തരം മീറ്റിങ്ങുകളുടെ അടിസ്ഥാനത്തിൽ പദ്ധതി മാനദണ്ഡങ്ങളിലും മറ്റും ഭേദഗതികൾ |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിനുള്ള നടപടികളും വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).**<br><br>**<u>വനിത ശിശുവികസന (എ) വകുപ്പ്</u>**<br><br>**<u>28.05.2024-ലെ വശിവിവ-എ 3/55/2024 വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>വകുപ്പിൽ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളുടെ നടപ്പാക്കൽ കാര്യക്ഷമമാക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുകയും വകുപ്പിൽ ജെന്റർ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതുമാണ്. കൂടാതെ സംസ്ഥാനത്ത് രൂപീകരിച്ച ജെന്റർ കൗൺസിലിൽ പദ്ധതികൾ വിശകലനം ചെയ്യുന്നതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തി പദ്ധതികളുടെ നടത്തിപ്പിന് ആവശ്യാനുസരണം ഭേദഗതി വരുത്തുന്നതാണ്.<br><br>**(29.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 30. | 48 | സാമൂഹ്യക്ഷേമവകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നത് വളരെ വ്യത്യസ്ഥമായ പദ്ധതികൾ ആണ്. ഇതുമായി ബന്ധപ്പെട്ട് ജീവനക്കാരെ സ്ഥലം മാറ്റുന്ന പ്രവണത നിലനിൽക്കുന്നു. വകുപ്പ് വിഭജിച്ച് വ്യത്യസ്ത വകുപ്പുകളോ വ്യത്യസ്ത വിഭാഗങ്ങളോ ആക്കി മാറ്റുന്നത് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഉപകരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ, 1. ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്മെന്റ് സർവ്വീസസ് (അംഗൻവാടി വഴി | **<u>സാമൂഹ്യനീതി (സി) വകുപ്പ് 25.10.2018-ലെ 10438/സി2/2012/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികാസത്തിനുമായി സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ച് 30.06.2017-ലെ സ.ഉ.(കൈ) നം. 24/2017/സാ.നീ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർന്ന് സാമൂഹ്യനീതി വകുപ്പിൽ കൈകാര്യം ചെയ്തിരുന്ന |

| | | | |
|---|---|---|---|
| | | നടപ്പാക്കുന്നത്)<br>2. ഇന്റഗ്രേറ്റഡ് ചെൽഡ് പ്രൊട്ടക്ഷൻ സ്കീം (ബാലനീതി നിയമ പ്രകാരമുള്ളത്)<br>3.വനിത/വികലാംഗ/ വയോജനക്ഷേമം/പ്രൊബേഷൻ എന്നിങ്ങനെ മൂന്നുവിഭാഗങ്ങളെയും പ്രത്യേകമായി ശ്രദ്ധിച്ച് ഭരണപരമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വിഷയങ്ങൾ ഇരു വകുപ്പുകളിലുമായി വിഭജിച്ച് 21.01.2018-ലെ സ.ഉ.(സാധാ) നം. 26/2018/സാ.നീ.വ പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം തുടങ്ങിയ വിഷയങ്ങൾ പുതിയതായി രൂപീകരിച്ച വനിത ശിശുവികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രൊബേഷൻ സർവ്വീസ്, മുതിർന്ന പൗരന്മാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റർ, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നീ വിഷയങ്ങൾ സാമൂഹ്യനീതി വകുപ്പിലും നിലനിർത്തിയിട്ടുണ്ട്.<br><br>ആയതിനാൽ വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്മെന്റ് സർവ്വീസസ് (ICDS), ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം (ICPS) എന്നീ പദ്ധതികൾ നിലവിൽ വനിത ശിശു വികസന വകുപ്പ് മുഖേനയും വികലാംഗ/വയോജനക്ഷേമം/ പ്രൊബേഷൻ എന്നിവ സാമൂഹ്യനീതി വകുപ്പ് മുഖേനയുമാണ് നിലവിൽ കൈകാര്യം ചെയ്തുവരുന്നത്. ആയതിനാൽ മൂന്ന് വിഭാഗങ്ങൾക്കുമുള്ള പദ്ധതികൾ കൂടുതൽ വിപുലമായി ഇരു വകുപ്പിലും കൈകാര്യം ചെയ്തുവരുന്നുണ്ട്. ആയതിനാൽ പ്രസ്തുത മൂന്ന് വിഭാഗങ്ങളെയും പ്രത്യേകമായി ശ്രദ്ധിച്ച് ഭരണപരമായ പ്രവർത്തനങ്ങൾ ഉറപ്പു വരുത്തണമെന്നുമുള്ള നിയമസഭാ സമിതിയുടെ ശിപാർശ നടപ്പിലാക്കിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. |

| | | | |
|---|---|---|---|
| | | | **(10.12.2019-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).**<br><br>**<u>സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>സാമൂഹ്യക്ഷേമ വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പ്, വനിത ശിശുവികസന വകുപ്പ് എന്നിങ്ങനെ രണ്ട് വകുപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>വകുപ്പ് വിഭജനത്തിനുശേഷം ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, ട്രാൻസ്ജെന്ററുകൾ, പ്രൊബേഷൻകാർ/മറ്റ് പാർശ്വവത്കരിക്കപ്പെട്ടവർ, എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായങ്ങൾ എന്നീ വിഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് സാമൂഹ്യനീതി വകുപ്പിൽ കൈകാര്യം ചെയ്ത് വരുന്നത്.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 31. | 49 | സ്ത്രീകളുടെ ആശാഭവൻ ഉൾപ്പെടെയുള്ള മഹിളാമന്ദിരം, വൃദ്ധസദനം, മഹിളാ വികലാംഗസദനം, വൊക്കേഷണൽ പരിശീലനകേന്ദ്രം, ആശാഭവൻ (പുരുഷന്മാർ) എന്നീ ക്ഷേമസ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന സൂപ്രണ്ടുമാരും ഉദ്യോഗസ്ഥരും വളരെ താഴ്ന്ന ശമ്പളം വാങ്ങുന്നവരാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മറ്റ് സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാരുടെ സേവനവേതന വ്യവസ്ഥകൾ ടി സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉറപ്പ് വരുത്തേണ്ടത് ഉചിതമായിരിക്കുമെന്ന് | **<u>സാമൂഹ്യനീതി (എ) വകുപ്പ് 30.12.2013-ലെ- 11546/എ 1/2012-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>ബന്ധപ്പെട്ട പ്രത്യേക ചട്ടങ്ങളിൽ പല കാറ്റഗറിയിലായി ഉൾപ്പെട്ടിരിക്കുന്ന സൂപ്രണ്ട് ഗ്രേഡ് I,ഗ്രേഡ് II ഗ്രേഡ് III ജീവനക്കാരുടെ ശമ്പളം ഏകീകരിക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. എങ്കിലും ഇക്കാര്യം പരിശോധിച്ചു വരുന്നു. ആശാഭവൻ (എം&ഡബ്ല്യൂ), മഹിളാ മന്ദിരം വൃദ്ധസന്ദനം, മഹിളാ വികലാംഗ സദനം എന്നീ ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാർ സ്ഥാപനത്തിൽ തന്നെ |

| | | | |
|---|---|---|---|
| | | സമിതി അഭിപ്രായപ്പെട്ടു. കൂടാതെ, അവർക്ക് സ്ഥാപനത്തിനുള്ളിൽ തന്നെ താമസസൗകര്യം ഉറപ്പാക്കേണ്ടതുമാണ്. | താമസിക്കണമെന്ന് നിർബന്ധമുള്ളതിനാൽ അവർക്ക് താമസ സൗകര്യം സ്ഥാപനത്തിനുള്ളിൽ തന്നെ ഉറപ്പാക്കിയിട്ടുണ്ട്.<br><br>**(04.06.2014-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).**<br><br>**<u>സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരമുള്ള സേവന വേതന വ്യവസ്ഥകളാണ് വകുപ്പിന് കീഴിൽവരുന്ന ജീവനക്കാർക്ക് അനുവദിച്ച് വരുന്നത്. മേട്രൻ ഉള്ള സ്ഥാപനങ്ങളിൽ മേട്രന് സ്ഥാപനങ്ങളിൽ താമസസൗകര്യം നൽകിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിൽ കെയർ ഗിവിംഗ് ചുമതലയുള്ള ജീവനക്കാർക്ക് സ്ഥാപനങ്ങളിൽ താമസിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് സൂപ്രണ്ടുമാർ സ്ഥാപനത്തിന്റെ ഭരണനിർവ്വഹണ ചുമതല പകൽസമയം നിർവ്വഹിക്കേണ്ട സാഹചര്യത്തിൽ രാത്രി താമസത്തിനുള്ള സൗകര്യം ക്രമീകരിച്ചിട്ടില്ല.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).**<br><br>**<u>വനിത ശിശുവികസന (എ) വകുപ്പ് 28.05.2024-ലെ വശിവിവ-എ 3/55/2024 വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശുവികസന വകുപ്പ് രൂപീകരിച്ചുവെങ്കിലും സ്ത്രീകളുടെ |

| | | | |
|---|---|---|---|
| | | | ആശാഭവൻ, വൃദ്ധസദനം, മഹിളാ വികലാംഗസദനം, വൊക്കേഷനൽ പരിശീലന കേന്ദ്രം, ആശാഭവൻ (പുരുഷൻ) എന്നീ ക്ഷേമ സ്ഥാപനങ്ങൾ നിലവിലും സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ തന്നെയാണ് പ്രവർത്തിച്ചുവരുന്നത് വനിത ശിശു വികസന വകുപ്പിന് കീഴിൽ 12 ഗവൺമെന്റ് മഹിളാ മന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ 39300-83000/- ശമ്പള സ്കെയിലിലുള്ള ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. വകുപ്പിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും [കെയർ ടേക്കർ (മെയിൽ),കെയർ ടേക്കർ (ഫീമെയിൽ), മേട്രൺ ഗ്രേഡ് I, കാർപെന്ററി ഇൻസ്ട്രക്ടർ] ഉദ്യോഗക്കയറ്റം നൽകിയാണ് സൂപ്രണ്ട് ഗ്രേഡ് III തസ്തിക നികത്തുന്നത്. വകുപ്പിൽ നിലവിലുള്ള 42 ക്ഷേമ സ്ഥാപനങ്ങളിലെ ജോലിഭാരത്തിനും ഉത്തരവാദിത്വത്തിനും അനുസരിച്ചാണ് സൂപ്രണ്ടുമാരുടെ ശമ്പള സ്കെയിലുകൾ നിശ്ചയിച്ചിട്ടുള്ളത്. റസിഡൻഷ്യൽ തസ്തികകളിലെ ജീവനക്കാർക്ക് (സൂപ്രണ്ട്, മേട്രൺ) ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ താമസിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.<br>(സ.ഉ(സാധാ)നം.136/2021/വശിവിവ തീയതി 03.12.2021)<br><br>**(29.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 32. | 50 | സ്ത്രീകളുടെ ആശാഭവൻ ഉൾപ്പെടെയുള്ള മഹിളാമന്ദിരം, വൃദ്ധസദനം, മഹിളാ വികലാംഗസദനം, വൊക്കേഷണൽ | **സാമൂഹ്യനീതി (എ) വകുപ്പ് 30.12.2013-ലെ- 11546/എ 1/2012- സാനിവ നമ്പർ കത്ത് മുഖേന** |

| | | | |
|---|---|---|---|
| | | പരിശീലനകേന്ദ്രം, ആശാഭവൻ (പുരുഷന്മാർ) എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വെള്ളം, വൈദ്യുതി, പൊതുസമ്മേളനം, കലാകായികം, പുനരധിവാസ പ്രവർത്തനങ്ങൾ, പൊതുജന സമ്പർക്കം എന്നീ പൊതുവായ കാര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ടി സ്ഥാപനത്തിൽ ഒരു അസിസ്റ്റന്റ് ഡയറക്ടറെ കാലതാമസം കൂടാതെ നിയമിക്കുന്നത് പ്രസ്തുത സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പ്രയോജനപ്രദമായിരിക്കുമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | <u>**ലഭിച്ചത്.**</u><br><br>ഓരോ പ്രത്യേക വിഭാഗത്തിലുമുള്ള അന്തേവാസികൾക്കായുള്ള ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് അസിസ്റ്റൻറ് ഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>**(04.06.2014-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).**<br><br><u>**സാമൂഹ്യനീതി (എ) വകുപ്പ് 27.05.2024-ലെ എ 1/82/2024-സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**</u><br><br>ക്ഷേമ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും വകുപ്പിലെ ഒരു അസിസ്റ്റന്റ് ഡയറക്ടർക്ക് ചുമതല നൽകിയിട്ടുണ്ട്.<br><br>**(13.11.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).**<br><br><u>**വനിത ശിശുവികസന (എ) വകുപ്പ്**</u><br><br><u>**28.05.2024-ലെ വശിവിവ-എ 3/55/2024 വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്**</u><br>വനിത ശിശു വികസന വകുപ്പിന് മൂന്ന് അസിസ്റ്റൻറ് ഡയറക്ടർ തസ്തികകളാണ് ആസ്ഥാന കാര്യാലയത്തിൽ അനുവദിച്ചിട്ടുള്ളത്. കുട്ടികളുടെ സ്ഥാപനമായ ജെ.ജെ ഹോമുകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വകുപ്പിന് കീഴിൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയും സൊസൈറ്റിയുടെ കീഴിൽ കരാർ വ്യവസ്ഥയിൽ ഒരു |

| | | | |
|---|---|---|---|
| | | | പ്രോഗ്രാം മാനേജരെയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഗവൺമെൻറ് മഹിളാമന്ദിരങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അവയുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഡയറക്ടറേറ്റ് തലത്തിൽ ഒരു പ്രത്യേക സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ യൂണിറ്റ് ഓഫീസറായി വകുപ്പിലെ ഒരു അസിസ്റ്റൻറ് ഡയറക്ടറെയും നിയോഗിച്ചിട്ടുണ്ട്.<br><br>**(29.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 33. | 51 | **<u>ചൈൽഡ് ഡെവലപ്മെൻറ് സെന്റർ, മെഡിക്കൽ കോളേജ് ക്യാമ്പസ് , തിരുവനന്തപുരം</u>**<br>ഒരു ക്ഷേമരാഷ്ട്ര നിർമ്മിതിയിൽ കുട്ടികൾ വളരെ പ്രധാനപ്പെട്ട ഘടകമാണ്. ഇന്നത്തെ കുട്ടികൾ നാളത്തെ പൗരൻമാർ ആകുമ്പോൾ വൈകല്യം കുറഞ്ഞ ഒരു ജനതയെ സൃഷ്ടിക്കുന്നതിനുവേണ്ടി ജനിതകമായോ പാരമ്പര്യമായോ രോഗത്താലോ കുട്ടികളിൽ ഉണ്ടാകുന്ന വൈകല്യങ്ങൾ പൂർണ്ണമായോ ഭാഗികമായോ ചികിത്സയിലൂടെയോ പരിശീലനം ലഭിച്ച ആളുകളുടെ പരിചരണത്തിലൂടെയോ ഭേദമാക്കുവാൻ കഴിയും. കുട്ടികളിൽ കാണുന്ന വിവിധ വൈകല്യങ്ങൾ ഉദാ:- ഓട്ടിസം, ഡൗൺസ് സിൻഡ്രോം, ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൽസി, കാഴ്ചവൈകല്യം, ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ എന്നിവ വളരെ നേരത്തെ കണ്ടെത്തുവാനും ചികിത്സയിലൂടെയും ബോധനമാർഗ്ഗത്തിലൂടെയും വളരെയേറെ കുറയ്ക്കുവാനും വേണ്ടി | **<u>ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ്</u>**<br><br>**<u>15.12.2014-ലെ 35312/എഫ്.ഡബ്ല്യൂ2/2012/ആകുവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക അവസ്ഥ പരിഗണിച്ച് 14 ജില്ലകളിലും ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ ഉപകേന്ദ്രങ്ങൾ തുടങ്ങുന്നത് പ്രായോഗികമല്ല. എന്നാൽ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്നിവിടങ്ങളിലെ നിലവിലുള്ളതും നടപ്പിലാക്കാൻ പോകുന്നതുമായ പദ്ധതികളിൽ കുട്ടികളിലെ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സയ്ക്കുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br><br>**(04.06.2014-ലെ സമിതിയോഗത്തിൽ** |

| | | | |
|---|---|---|---|
| | | തിരുവനന്തപുരത്ത് മെഡിക്കൽ കോളേജ് കാമ്പസിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്മെന്റ് സെന്റർ സ്തുത്യർഹമായ സേവനമാണ് ചെയ്യുന്നത്. കുട്ടികളിലെ വൈകല്യങ്ങൾ വളരെ നേരത്തെ കണ്ടെത്തുവാനും അവയ്ക്ക് പരിഹാരം കാണുന്നതിനും സംസ്ഥാനത്ത് ഉടനീളം പ്രവർത്തിക്കുന്ന അംഗൻവാടി വർക്കർമാർ, ആശാ പ്രവർത്തകർ, പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും കുട്ടികളിലെ തുടർ ചികിത്സയ്ക്കും ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ ഉപകേന്ദ്രങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രിയോടനുബന്ധിച്ചോ അല്ലാതെയോ തുടങ്ങുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **അംഗീകരിച്ചു).**<br><br>**വനിത ശിശുവികസന (ബി) വകുപ്പ് 28.05.2024-ലെ വശിവിവ-ബി1/124/2024-വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>അങ്കണവാടികളിലൂടെ വളർച്ചാ നിർണ്ണയം (Growth Monitoring) നടത്തുന്നത് വഴി വളർച്ചയിൽ വ്യതിയാനങ്ങൾ ഉണ്ടെങ്കിൽ കണ്ടുപിടിക്കുന്നതിനും നേരത്തെ തന്നെ ഇടപെടലുകൾ നടത്താനും കഴിയുന്നു. ആയതിലേക്കായി WHO GROWTH CHART, INFANTOMETER, STADIOMETER, BABY WEIGHING SCALE, ADULT WEIGHING SCALE എന്നിവ വളർച്ചാ നിർണയത്തിന് അങ്കണവാടികളിൽ വിതരണം ചെയ്തിട്ടുണ്ട്. ഇവ ഉപയോഗിച്ച് കുട്ടിയുടെ തൂക്കം എടുക്കുകയും വളർച്ച സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണം വർക്കർമാർ മാതാപിതാക്കൾക്ക് വകുപ്പ് മുഖേന നൽകുകയും ചെയ്തുവരുന്നു.<br><br>കുഞ്ഞുങ്ങളിലെ വികാസത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ മനസ്സിലാക്കി ഭിന്നശേഷിത്വം മുൻകൂട്ടി കണ്ടുപിടിക്കുന്നതിനായി തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെന്റ് സെന്റർ മുഖേന സംസ്ഥാനത്തെ ശിശുവികസന പദ്ധതി ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ എന്നിവർക്ക് രണ്ട് ദിവസത്തെ പരിശീലനം 2019-20, 2022-23 സാമ്പത്തിക വർഷങ്ങളിൽ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പരിശീലനം നൽകിയ മാസ്റ്റർ ട്രെയിനർമാരായ സി.ഡി.പി.ഒ, സൂപ്പർവൈസർമാർ എന്നിവരെ ഉപയോഗിച്ച് സംസ്ഥാനത്തെ 33115 അങ്കണവാടി വർക്കർമാർക്ക് ഏകദിന |

| | | | |
|---|---|---|---|
| | | | പരിശീലനം ഐ.സി.ഡി.എസ്. തലത്തിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതുവഴി അങ്കണവാടി വർക്കർമാർ കുട്ടിയുടെ വളർച്ച നിരീക്ഷിക്കുന്നതോടൊപ്പം വ്യതിയാനങ്ങൾ കണ്ടെത്തിയാൽ ആരോഗ്യവകുപ്പിലേക്ക് റഫർ ചെയ്യുവാനും സാധിക്കും.<br><br>**(29.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 34. | 55 | **<u>കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട്, തിരുവനന്തപുരം</u>**<br>ദത്തെടുക്കൽ നിയമങ്ങൾ കുറച്ചുകൂടി ലളിതമാക്കി കുട്ടികളില്ലാത്ത ദമ്പതികൾക്ക് ദത്ത് നൽകൽ കൂടുതൽ സുതാര്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>ദത്തെടുക്കൽ മേഖല സുതാര്യമാക്കുന്നതിന്റെ ഭാഗമായാണ് ദത്തെടുക്കൽ ഉത്തരവ് കോടതിയുടെ അധികാരപരിധിയിൽ നിന്ന് മാറ്റി ജില്ലാ മജിസ്ട്രേറ്റിന്റെ അധികാര പരിധിയിലേക്ക് ആക്കി ബാലനീതി നിയമം ഭേദഗതി വന്നത്. അതോടൊപ്പം തന്നെ രാജ്യത്ത് ദത്തെടുക്കൽ നടപടിക്രമം നടപ്പിലാക്കുന്നത് 2015-ലെ ബാലനീതി നിയമവും 2022-ലെ അഡോപ്ഷൻ റഗുലേഷൻ പ്രകാരവുമാണ്. നിയമപ്രകാരം ദത്തെടുക്കൽ നടപടിക്രമം ലളിതമാക്കണമെങ്കിൽ ആയതിനുള്ള അധികാരം സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിക്കാണ്.<br><br>**(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |

| | | | |
|---|---|---|---|
| | | | |
| 36. | 56 | ശിശുക്ഷേമ സമിതിയോട് ചേർന്ന് കിടക്കുന്ന സർക്കാർവക ഭൂമി സൗജന്യമായി അനുവദിച്ച് സമിതി ആസ്ഥാനം കൂടുതൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | **<u>വനിത ശിശുവികസന (സി) വകുപ്പ് 25.05.2024-ലെ WCD-C3/125/2024-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്</u>.**<br>ശിശുക്ഷേമ സമിതിയുടെ തിരുവനന്തപുരം തൈക്കാട് ആസ്ഥാനത്തുള്ള കെട്ടിടം സ്മാർട്ട് സിറ്റി ഫണ്ടിൽ ഉൾപ്പെടുത്തി നവീകരിക്കണമെന്ന ആവശ്യം സർക്കാർ ശിപാർശ ചെയ്ത് സ്മാർട്ട് സിറ്റി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**(29.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 35. | 57 | അമ്മത്തൊട്ടിൽ വഴിയും മറ്റ് രീതികളിലും ലഭിക്കുന്ന കുട്ടികളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് (ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ) ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച് കൊടുക്കപ്പെട്ട കുട്ടികളെ ചൈൽഡ് വെൽഫയർ കമ്മിറ്റിയിൽ എത്തുമ്പോൾ കുട്ടിയ്ക്ക് 2 വയസ്സിൽ താഴെയാണെങ്കിൽ രണ്ട് മാസത്തിനകവും ഉപേക്ഷിക്കപ്പെട്ട നിലയിൽ ലഭിക്കുന്ന കുട്ടികൾക്ക് 2 വയസ്സിന് മുകളിൽ പ്രായമാണെങ്കിൽ നാല് മാസത്തിനകവും ലീഗലി ഫ്രീ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കണമെന്നാണ് നിയമത്തിൽ പ്രതിപാദിക്കുന്നത്. ആയത് പ്രകാരമുള്ള നടപടി ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ ഭാഗത്ത് നിന്ന് സ്വീകരിക്കുന്നുണ്ട്.<br>**(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 36. | 58 | രക്ഷാകർത്താക്കൾ ജീവിച്ചിരിക്കെ കോടതി വഴിയും റയിൽവേ സ്റ്റേഷൻ തുടങ്ങി പൊതുസ്ഥലങ്ങൾ വഴിയും | **<u>വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>** |

| | | | |
|---|---|---|---|
| | | ശിശുക്ഷേമ സമിതിയിൽ എത്തുന്ന കുട്ടികളെ പലപ്പോഴും രക്ഷാകർത്താക്കൾ തിരികെ കൂട്ടിക്കൊണ്ട് പോകാറില്ല. ഇക്കാരണത്താൽ പല കുട്ടികളെയും സമിതിയിൽ നിന്നും മറ്റു സ്ഥാപനങ്ങളിലേക്ക് മാറ്റി പാർപ്പിക്കേണ്ടി വരികയും എന്നാൽ അത്തരം സ്ഥാപനങ്ങളിൽ സമിതിയിൽ നിന്നും ലഭിക്കുന്ന പരിചരണം അന്തേവാസികളായ കുട്ടികൾക്ക് ലഭിക്കാതെ വരികയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നു. ആയതിനാൽ, രക്ഷാകർത്താക്കളിൽ നിന്നും സ്വമേധയാ വിട്ടുതൽ നേടിയ കുട്ടികളെ നിയമതടസ്സം കൂടാതെ കോടതി മുഖേന ദത്ത് നൽകുന്നതിനുള്ള നിയമസാധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ശിശുക്ഷേമ സമിതിയുടെ സംരക്ഷണയിൽ വരുന്ന അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച് കൊടുക്കപ്പെട്ട കുട്ടികളെ നിയമപ്രകാരം ദത്തെടുക്കൽ നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ രക്ഷാകർത്താക്കൾ ജീവിച്ചിരിക്കുന്ന, കോടതി വഴിയോ റയിൽവേ സ്റ്റേഷൻ മുഖാന്തരം ലഭിക്കുന്ന കുട്ടികളുടെ കേസിൽ Individual Care Plan പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ദത്തെടുക്കലിലേക്ക് മാറ്റാൻ സാധിക്കുന്ന കേസിൽ നടപടി സ്വീകരിക്കാൻ അതത് ജില്ലയിലെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു. ദത്തെടുക്കലിലേക്ക് മാറ്റാൻ സാധിക്കാത്ത കുട്ടികളെ deinstitutionalization ന്റെ ഭാഗമായി സ്വന്തം കുടുംബത്തിലേക്ക് തന്നെയോ അല്ലെങ്കിൽ ഫോസ്റ്റർ കെയർ സ്പോൺസർഷിപ്പ് പദ്ധതി മുഖാന്തരം പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>**(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 38. | 59 | ശിശുക്ഷേമ സമിതിയുടെ | **<u>വനിത ശിശുവികസന (സി) വകുപ്പ്</u>** |

| | | | |
|---|---|---|---|
| | | ആസ്ഥാനത്തെ ദത്തെടുക്കൽ കേന്ദ്രം പ്രസ്തുത കെട്ടിടത്തിന്റെ നാലാം നിലയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ ലിഫ്റ്റ് സൗകര്യമില്ലാത്തതിനാൽ അടിയന്തര ഘട്ടങ്ങളിൽ കുട്ടികളെ ആശുപത്രിയിൽ എത്തിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു. ആയതിനാൽ, പ്രസ്തുത കെട്ടിടത്തിൽ ലിഫ്റ്റ് സൗകര്യം ഉറപ്പാക്കുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | **02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.** ശിശുക്ഷേമ സമിതിയുടെ പ്രവർത്തനത്തിന് ബഡ്ജറ്റ് വിഹിതം ഗ്രാന്റായി അനുവദിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ച് വരികയാണ്. **(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 39 | 60 | ശിശുക്ഷേമ സമിതിയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് ബഡ്ജറ്റിൽ കൂടുതൽ തുക ഉൾപ്പെടുത്തി അവ ഗ്രാന്റായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.** ശിശുക്ഷേമ സമിതിയുടെ പ്രവർത്തനത്തിന് ബഡ്ജറ്റ് വിഹിതം ഗ്രാന്റായി അനുവദിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ച് വരികയാണ്. **(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 40. | 61 | ശിശുക്ഷേമ സമിതിയിൽ ഒരു ഫുൾ-ടൈം പീഡിയാട്രീഷ്യനെ നിയമിക്കാനും അവിടെയുള്ള ആയമാർക്കും നേഴ്സുമാർക്കും ആറുമാസം ദൈർഘ്യമുള്ള കോഴ്സിലൂടെ ട്രെയിനിംഗ് നൽകുവാനും വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.** നഴ്സുമാർക്കും ആയമാർക്കും ട്രെയിനിംഗ് നൽകുന്നതിന് ശിശുക്ഷേമ സമിതിയിൽ തന്നെ ഹ്രസ്വകാല കെയർ ടേക്കർ കോഴ്സ് (Care Taker Course) നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉടനടി ട്രെയിനിംഗ് ആരംഭിക്കുന്നതാണ്. **(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 41. | 62 | സമിതിയിലെ ആയമാർക്ക് നൽകി വരുന്ന വേതനം, സംസ്ഥാനത്ത് നിലവിൽ നൽകിവരുന്ന മിനിമം വേതനമായ 350 രൂപയാക്കി | **വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.** ആയമാരുടെ വേതനം സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | അംഗീകൃത മിനിമം വേതനത്തിന് തുല്യമാക്കി ഉയർത്തിയിട്ടുണ്ട്.<br>**(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 42. | 63 | ശിശുക്ഷേമ സമിതിയിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനും വെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനും ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനും വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. എം.പി.ഫണ്ടിൽ നിന്നും തുക അനുവദിച്ച് ആംബുലൻസ് വാങ്ങിയിട്ടുണ്ട്. ജലക്ഷാമം പരിഹരിക്കുന്നതിന് കുഴൽ കിണർ കുഴിച്ച് വാട്ടർ ഫിൽട്രേഷൻ യൂണിറ്റും സജ്ജമാക്കിയിട്ടുണ്ട്.<br>**(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |
| 43. | 64 | ശിശുക്ഷേമ സമിതിയിലെ ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ 50% മാത്രമാണ് ലഭിക്കുന്നത്. ആയതിനാൽ, അവരുടെ സേവനവേതന വ്യവസ്ഥകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>വനിത ശിശുവികസന (സി) വകുപ്പ് 02.04.2024-ലെ WCD-C2/67/2022-WCD നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>കേരള സംസ്ഥാന ശിശുക്ഷേമ സമിതി 01.01.2016 മുതൽ പ്രാബല്യത്തോടെ ജീവനക്കാർക്ക് മെച്ചപ്പെട്ട നിലയിൽ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്.<br>**(22.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു).** |

## ഭാഗം – II

## സമിതി ശിപാർശകളിൻമേൽ നടപടി റിപ്പോർട്ട് ലഭിക്കാനുള്ളവ.

## അധിക/തുടർ ശിപാർശകൾ

| ക്രമ നം. | ഖ. നം. | ശിപാർശ | ബന്ധപ്പെട്ട വകുപ്പുകൾ |
|---|---|---|---|
| 1 | 43 | പുരുഷന്മാരുടെ ആശാഭവനിലെ അന്തേവാസികൾ സ്ഥലപരിമിതിമൂലം വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ചിൽഡ്രൻസ് ഹോമിന്റെ കോമ്പൗണ്ടിൽ ഒരു പാർക്ക് ഉണ്ടാക്കുവാൻ സൗകര്യം ലഭിച്ചാൽ ആശാഭവനിലെ അന്തേവാസികൾക്ക് വൈകുന്നേരങ്ങളിൽ പുറത്തിറങ്ങി വിശ്രമിക്കുവാൻ സാധിക്കും. അതിനുവേണ്ടി, ചിൽഡ്രൻസ് ഹോം കോമ്പൗണ്ടിലേക്ക് ഒരു പാലം കൂടി നിർമ്മിക്കേണ്ടതുണ്ട്. ഈ സാധ്യത പരിശോധിച്ച് നടപ്പാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി, വനിത ശിശു വികസനം .** |

**സമിതിയുടെ സന്ദർശന യോഗത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി നൽകിയ തുടർ ശിപാർശകളും, റിപ്പോർട്ടിലെ ഖണ്ഡിക 19,31,47 എന്നീ ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി നൽകിയ അധിക ശിപാർശകളും.**

1. ശിശുക്ഷേമ സമിതിയിൽ കുട്ടികൾ വീടുകളിലേതിനെക്കാൾ സുരക്ഷിതരാണെന്നും ഇവരുടെ സംരക്ഷണം ഉറപ്പാക്കാൻ ശിശുക്ഷേമ സമിതിക്ക് കഴിയുന്നുണ്ടെന്നും സ്പെഷ്യൽ എയ്ഡ് കുട്ടികൾക്ക് പ്രത്യേക പരിചരണം നൽകുന്നുണ്ടെന്നും കൂടുതൽ കുട്ടികളെ ദത്ത് നൽകാൻ കഴിഞ്ഞത് ശിശുക്ഷേമ സമിതിയുടെ പ്രവർത്തന മികവ് വ്യക്തമാക്കുന്നതാണെന്നും സമിതി നിരീക്ഷിക്കുന്നു. വിവിധ സർക്കാർ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ പാർശ്വഫലമായി 2025-26 സാമ്പത്തിക വർഷം മുതൽ ശിശുദിന സ്റ്റാമ്പിനത്തിൽനിന്നുള്ള വരുമാനത്തിന് വലിയ പ്രതിസന്ധി അഭിമുഖീകരിക്കാൻ പോകുകയാണെന്നും വിവിധ

സേവനങ്ങൾക്കായെത്തുന്ന പൊതുജനങ്ങൾക്ക് ശിശുദിന സ്റ്റാമ്പ് വില്പന നടത്തി ലഭിക്കുന്ന തുക ശിശുക്ഷേമ സമിതിക്ക് നൽകുകയാണ് ചെയ്തുവരുന്നതെന്നും എന്നാൽ 2025 മേയ് മാസം മുതൽ സർക്കാർ സേവനങ്ങൾ ഓൺലൈനാക്കുന്നതിന്റെ ഭാഗമായി കെ-സ്മാർട്ട് സംവിധാനം നിലവിൽവരുന്നതിനാൽ പൊതുജനങ്ങൾ സർക്കാർ ഓഫീസുകളിലേയ്ക്ക് നേരിട്ട് എത്തുന്നത് കുറയുകയും ഉദ്യോഗസ്ഥർക്ക് ഈ തുക പിരിച്ചെടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുമെന്നും വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും സമിതി മനസ്സിലാക്കുന്നു. തൽഫലമായി ശിശുക്ഷേമ സമിതി സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടിവരുമെന്നും സമിതി വിലയിരുത്തുന്നു. അതിനാൽ ശിശുക്ഷേമ സമിതിക്ക് ലഭിക്കുന്ന സർക്കാർ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും സർക്കാർ സേവനങ്ങളുടെ ഭാഗമായി ഇ-സ്റ്റാമ്പിങ്/അക്ഷയകേന്ദ്രങ്ങൾ മുഖേന ശിശുദിന സ്റ്റാമ്പ് വിൽപ്പന നടത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

2. ദത്തെടുക്കൽ പ്രക്രിയ വിജയകരമായി നടക്കുന്നതിനെയും ഉപേക്ഷിക്കപ്പെടുന്ന ബാല്യങ്ങളെ സ്നേഹവാൽസല്യങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ശിശുക്ഷേമ സമിതി നടത്തുന്ന മാതൃകാപരമായ പ്രവർത്തനങ്ങളെയും സമിതി അഭിനന്ദിക്കുന്നു. ഫണ്ടിന്റെ അപര്യാപ്തത ഒരുതരത്തിലും ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങളെ ബാധിക്കാൻ പാടില്ലെന്ന് സമിതി കരുതുന്നു. അതിനാൽ ശിശുക്ഷേമ സമിതിയുടെ പ്രവർത്തനത്തിന് ബഡ്ജറ്റ് വിഹിതം ഗ്രാന്റ് ആയി അനുവദിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

3. കൂടാതെ ശിശുക്ഷേമ സമിതി അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യുന്നതിനായി സമിതിക്ക് നൽകുന്ന ഗ്രാന്റ് വർധിപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

4.. സി.ഡബ്ല്യു.സി. മെമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ടവർ ഒരു മാസത്തിനുള്ളിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന ട്രെയിനിങ്ങിൽ നിർബന്ധമായും പങ്കെടുത്തിരിക്കേണ്ടതാണെങ്കിലും അപ്രകാരം സംഭവിക്കുന്നില്ലെന്നു സമിതി മനസ്സിലാക്കുന്നു. നിയമത്തെ അടിസ്ഥാന പ്പെടുത്തിയുള്ള പ്രസ്തുത ട്രെയിനിങ്ങിൽ പങ്കെടുക്കുന്നതിലൂടെ ഒരു സി.ഡബ്ല്യു.സി. മെമ്പർക്ക് തങ്ങളുടെ അധികാരങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും മനസ്സിലാക്കാൻ സാധിക്കുമെന്നും

അതുവഴി മൂന്ന് സി.ഡബ്ല്യൂ.സി. അംഗങ്ങളുടെയെങ്കിലും അനുമതിക്ക് വിധേയമായി മാത്രം നൽകാവുന്ന LFA (Legally Free for Adoption) സർട്ടിഫിക്കറ്റ് പോലുള്ള പ്രധാനപ്പെട്ട സർഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കുമെന്നും സമിതി കരുതുന്നു. അതിനാൽ സി.ഡബ്ല്യൂ.സി. മെമ്പർമാരെ തെരഞ്ഞെടുത്ത് ഒരു മാസത്തിനകം തന്നെ നിർബന്ധമായും ട്രെയിനിങ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5.ലോകത്ത് എവിടെ നിന്നും കുട്ടികൾക്കാവശ്യമായ സാധനങ്ങൾ സംഭാവന ചെയ്യാൻ സാധിക്കുന്ന വിധത്തിൽ തയ്യാറാക്കിയ ivteshop എന്ന ഇ-കൊമേഴ്സ് വെബ്സൈറ്റിന്റെ പ്രവർത്തനത്തെ സമിതി അഭിനന്ദിക്കുന്നു. ഇതൊരു മാതൃകാപരമായ കാര്യമായതിനാൽ www.ivteshop.in/donate എന്ന വെബ്സൈറ്റിന് കൂടുതൽ പ്രചാരണം നൽകി പൊതുജന ശ്രദ്ധ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

6. കുട്ടികളെ പരിപാലിക്കുന്ന കാര്യത്തിൽ ശിശുക്ഷേമ സമിതിയിലെ ആയമാർ കാണിക്കുന്ന ആത്മാർഥത സമിതിയുടെ സന്ദർശനത്തിൽ നിന്നും ബോധ്യപ്പെട്ട വസ്തുതയാണ്. എന്നാൽ അവരുടെ വേതനം നന്നേ കുറവാണെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ ആയമാർക്ക് പരമാവധി വേതനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. പ്രായത്തെക്കുറിച്ചോ വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ചോ യാതൊന്നും സൂചിപ്പിക്കാതെ ശാരീരികമായി ഫിറ്റായ ഏതൊരാളെയും കെയർ ടേക്കറായി നിയമിക്കാമെന്നാണ് ജുവനൈൽ ജസ്റ്റിസ് ആക്റ്റിൽ പരാമർശിച്ചിരിക്കുന്നതെന്നും ഇതൊരു പോരായ്മയാണെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ കെയർ ടേക്കറായി നിയമിക്കുന്ന വ്യക്തിക്ക് ശാരീരിക ക്ഷമത മാത്രം പരിഗണിക്കാതെ കുറഞ്ഞ പ്രായപരിധിയും വിദ്യാഭ്യാസ യോഗ്യതയും കൂടി ഉൾപ്പെടുത്തി ജുവനൈൽ ജസ്റ്റിസ് ആക്റ്റിലെ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സാമൂഹ്യനീതി വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

8. ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ സാധിക്കുന്ന തരത്തിലുള്ള പോർട്ടബിൾ അമ്മത്തൊട്ടിൽ, എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് കൂടി പ്രയോജനപ്പെടുത്തി, സ്ഥാപിക്കുന്നതിന് ശിശുക്ഷേമ സമിതി ഒരു പദ്ധതി രൂപകല്പന

ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ എല്ലാ ജില്ലകളിലും പോർട്ടബിൾ അമ്മത്തൊട്ടിൽ സ്ഥാപിക്കുന്നതിന് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ലഭിക്കുന്നതിന് ശിശുക്ഷേമ സമിതി മുൻകൈയെടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഈ പദ്ധതിയോട് എല്ലാ നിയമസഭാ സാമാജികരും സഹകരിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

**ഖണ്ഡിക 19,31,47 എന്നീ ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി നൽകിയ അധിക ശിപാർശകൾ**

9. ഖണ്ഡിക 19-ലെ ശിപാർശയിന്മേൽ, സ്ത്രീകളുടെ ആശാ ഭവനിലെ താമസക്കാർ ടൈലറിംഗ് ഷോപ്പിലെ വെട്ടുതുണികൾ ഉപയോഗിച്ച് ചവിട്ടി നിർമ്മിക്കാറുണ്ട് എന്ന അറിയിച്ചുകൊണ്ട് സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിക്കുന്നു. കാലാനുസൃതമായി മറ്റ് തൊഴിലുകളിൽ കൂടി അന്തേവാസികൾക്ക് പരിശീലനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ഖണ്ഡിക 31-ലെ ശിപാർശയിന്മേൽ, പുരുഷന്മാരുടെ ആശാ ഭവനിൽ 2024-2025 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിൽ ഇന്റർലോക്ക്, ഫ്ലോർ വർക്ക്, വാൾടൈൽ, പെയിന്റിംഗ് വർക്ക്, പ്ലംബിംഗ് വർക്ക് തുടങ്ങിയവയ്ക്കായി 12,80,000/- രൂപയുടെ എസ്റ്റിമേറ്റ് ആദ്യ വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിച്ചിട്ടുണ്ടെന്നും ഭരണാനുമതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പി.ഡബ്ല്യു.ഡി ക്ക് ഫണ്ട് അനുവദിക്കുന്നതാണെന്നുമുള്ള സാമൂഹ്യനീതി വകുപ്പിന്റെ റിപ്പോർട്ട് സമിതി അംഗീകരിക്കുന്നു. പ്രസ്തുത തുകയുടെ ഭരണാനുമതി നൽകി പണം അനുവദിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

11. ഖണ്ഡിക 47-ലെ, സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷേമപദ്ധതികളുടെ നടപ്പാക്കൽ അവലോകനം ചെയ്യുന്നതിനായി കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തണമെന്നും അതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് നടത്തണമെന്നുമുള്ള സമിതി ശിപാർശയിന്മേൽ സാമൂഹ്യനീതി വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി സി.എം.ഡി.(സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്) മുഖേന നടപ്പിലാക്കുന്ന സോഷ്യൽ ഓഡിറ്റിങ്ങിനെ കുറിച്ച് വ്യക്തവും വിശദവുമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

12. സാമൂഹ്യക്ഷേമ വകുപ്പിനെ സാമൂഹ്യ നീതിവകുപ്പ്, വനിത ശിശുവികസന വകുപ്പ് എന്നിങ്ങനെ രണ്ടായി വിഭജിക്കുകയും ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ ട്രാൻസ്ജെന്ററുകൾ എന്നിവരുമായി ബന്ധപ്പെട്ട വിഷയങ്ങൾ സാമൂഹ്യനീതി വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്ത സാഹചര്യമാണ് നിലവിലുള്ളത്. പരിമിത എണ്ണം ജീവനക്കാരും അധിക ജോലിഭാരവുമുള്ള ഒരു വകുപ്പാണ് സാമൂഹ്യനീതി എന്ന് സമിതി മനസ്സിലാക്കുന്നു. കാര്യക്ഷമമായ പ്രവർത്തനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ബ്ലോക്ക് തലത്തിൽ സാമൂഹ്യനീതി ഓഫീസിന് ഒരോ ഔദ്യോഗിക വാഹനം വീതം അനുവദിക്കണമെന്ന് സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,

2026 ജനുവരി 29

**യു. പ്രതിഭ,**
ചെയർപേഴ്സൺ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി